ഉൾപ്പെടാത്തതിനാൽ കരിക്കോട് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

അണക്കെട്ടുകളുടെ നവീകരണം

52(2040) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത അണക്കെട്ടുകളുടെ നവീകരണത്തിന് ലോകബാങ്കിന്റെ സഹായത്തോടെ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം അണക്കെട്ടുകളുടെ നവീകരണത്തിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് ; എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കുമോ ;

(സി) ഫണ്ട് അനുവദിക്കുന്നതിന് ലോക ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; എന്നാണ് പദ്ധതി ആരംഭിക്കേണ്ടിയിരുന്നത് ;

(ഇ) ലോകബാങ്ക് വ്യവസ്ഥ പ്രകാരം എത്ര വർഷംകൊണ്ടാണ് പദ്ധതി പൂർത്തീകരിക്കേണ്ടതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. Dam Rehabilitation and Improvement Project (DRIP).

(ബി)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ലോകബാങ്ക് അനുവദിച്ച തുക(മില്യൻ അമേരിക്കൻ ഡോളർ)
(1)	(2)	(3)
I	ഡാം റീഹാബിലിറ്റേഷൻ വർക്ക്	
1	ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	7.2
2	ശബരിഗിരി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	5.52
3	ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	1.63

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
4	പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.82
5	ശെങ്കുളം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.62
6	പന്നിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.48
7	നേരിയമംഗലം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.34
8	പൊരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.60
9	ഷോളയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.95
10	കുറ്റിയാടി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.52
11	ലോവർ പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.88
12	കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	0.83
II	ഡാം സേഫ്റ്റി ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ്	3.69
III	സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ്	0.98
	റെക്കറന്റ് കോസ്റ്റ്	0.34
	ആകെ	25.41

(സി) പദ്ധതിയുടെ വ്യവസ്ഥയനുസരിച്ച് 80% ധനസഹായം ലോകബാങ്കിൽ നിന്നും 20% കേന്ദ്ര/സംസ്ഥാന വിഹിതവുമാണ്. പ്രസ്തുത പദ്ധതിയിലെ നടത്തിപ്പ് ലോകബാങ്കിന്റെ "Guidelines for procurement of Goods, works and non-consulting Services under IBRD loans and IDA credits & grants by World Bank borrowers" പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ്. ഇതുകൂടാതെ ഓരോ ഡാമിന്റെയും പ്രവർത്തനങ്ങൾ ടെണ്ടറുകൾ ക്ഷണിക്കുന്നതിന് മുമ്പ് ഹൈഡ്രോളജിക്കൽ ഫ്ലഡ് റിവ്യൂവും അംഗീകാരവും ഡാം സുരക്ഷാ പുനഃപരിശോധനാ സമിതിയുടെ (DSRP) പരിശോധന CWC/World Bank-ൽനിന്നും Template (Project Screening Template) അംഗീകരിക്കൽ മുതലായവ നേടിയെടുക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയുടെ വായ്പ തിരിച്ചടയ്ക്കൽ കാലാവധി 5 വർഷം ഗ്രേസ് പിരീയഡ് ഉൾപ്പെടെ 30 വർഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. 18-4-2012 മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഇ) 6 വർഷം.

കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ. & ഇ.ആർ.സി.

53(2041) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ. ബി. ലിമിറ്റഡ് രൂപീകൃതമായശേഷം കേരളാസ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ.&ഇ.ആർ.സി. (Aggregated revenue requirement & Expected revenue collection)-യിൽ കഴിഞ്ഞ ഓരോ പ്രവർത്തന വർഷവും ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര രൂപ ആവശ്യപ്പെട്ടിരുന്നു ; റഗുലേറ്ററി കമ്മീഷൻ അനുവദിച്ച് നല്കിയ തുക എത്രയാണെന്നുമുള്ള വിശദാംശം അറിയിക്കുമോ ?

ഉത്തരം

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL) രൂപീകൃത മായതിനുശേഷം 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ARR & ERC മാത്രമാണ് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ, വൈദ്യുതി ബോർഡ് ജീവനക്കാർക്ക് ശമ്പളം, ഡി.എ. തുടങ്ങിയവയ്ക്കായി 2042.25 കോടി രൂപ അനുവദിച്ച് തരണമെന്ന് വൈദ്യുതി ബോർഡ്, അതിന്റെ ARR & ERC പെറ്റീഷനിലൂടെ KSERC-യോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ KSERC 1271.91 കോടി രൂപ മാത്രമാണ് അംഗീകരിച്ചത്. അതായത് ജീവനക്കാരുടെ ശമ്പളം, ഡി.എ. തുടങ്ങിയ ഇനങ്ങളിൽമാത്രം 2014-15 വർഷത്തേയ്ക്ക് 720.34 കോടി രൂപയുടെ വെട്ടിക്കുറവാണ് കമ്മീഷൻ (KSERC) വരുത്തിയിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ പെൻഷൻകാരുടെ ബാധ്യത നിറവേറ്റുന്നതിനായി 814.44 കോടി രൂപ KSEBL രൂപീകരിക്കുന്ന പെൻഷൻ ഫണ്ടിലേയ്ക്ക് വകമാറ്റുന്നതിനായി KSERC മുമ്പാകെ ആവശ്യപ്പെട്ടിരുന്നു. ടി തുക മുഴുവനായും കമ്മീഷൻ 2014-15 വർഷത്തേയ്ക്ക് അംഗീകരിച്ച് തന്നിട്ടുണ്ട്.

തെരുവുവിളക്കുള്ള വൈദ്യുതി പോസ്റ്റിന് മീറ്റർ

54(2042) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly